"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി **2025-26** – ദി കേരള വുമൺ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമി. നം.**4440** (വനിതാഫെഡ്) ന് ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**339/2025/Co-Op** തീയതി,തിരുവനന്തപുരം, **16-07-2025**

---

പരാമർശം:- 1. **13/05/2025** ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്രമം

2. സഹകരണ സംഘം രജിസ്ട്രാറുടെ **22/06/2025** ലെ പി &എം.ബി(3)**5250/2025** നം. കത്ത്.

3. ഇ.അനുമതി നം **AS/COP/25/43566**

**ഉത്തരവ്**

ദി കേരള വുമൺ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമി. നം.**4440** (വനിതാഫെഡ്) ന് സംസ്ഥാന സർക്കാരിന്റെ ആയുഷ് വകുപ്പിൽ പ്രവർത്തിക്കുന്ന നാഷണൽ ആയുഷ് മിഷൻ കേരളയുമായി സഹകരിച്ച് ഗർഭകാല പരിചരണം, പ്രസവകാല പരിചരണം എന്നിവയിൽ വനിതകൾക്ക് ശാസ്ത്രീയ പരിശീലനം നൽകി അവർക്ക് തൊഴിലവസരം നൽകുന്നതിനുള്ള "സഖി" പദ്ധതിയ്ക്കായി **49.30** ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (1) ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി **49.30** ലക്ഷം രൂപ (നാൽപ്പത്തൊമ്പത് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) **2025-26** സാമ്പത്തികവർഷത്തിൽ **2425-108-31-34-3** സബ്സിഡി ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതിയും റിലീസ് അനുമതിയും നൽകണമെന്ന് പരാമർശം (2) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും **13/05/2025** ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ

തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, ദി കേരള വുമൺ കോ- ഓപ്പറേറ്റിവ് ഫെഡറേഷൻ ലിമി. നം.4440 (വനിതാഫെഡ്) ന് സംസ്ഥാന സർക്കാരിന്റെ ആയുഷ് വകുപ്പിൽ പ്രവർത്തിക്കുന്ന നാഷണൽ ആയുഷ് മിഷൻ കേരളയുമായി സഹകരിച്ച് ഗർഭകാല പരിചരണം, പ്രസവകാല പരിചരണം എന്നിവയിൽ വനിതകൾക്ക് ശാസ്ത്രീയ പരിശീലനം നൽകി അവർക്ക് തൊഴിലവസരം നൽകുന്നതിനുള്ള "സഖി" പദ്ധതി നടപ്പിലാക്കുന്നതിനായി 49.30 ലക്ഷം രൂപ (നാൽപ്പത്തൊമ്പത് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) 2025-26 സാമ്പത്തിക വർഷത്തിൽ 2425-108-31-34-3 സബ്സിഡി ശീർഷകത്തിൽ നിന്നും അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,
തിരുവനന്തപുരം.
ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.
ധനകാര്യ (അഗ്രി-സി) വകുപ്പ്
വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/117/2025/സഹ)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 16-07-2025 13:22:26
സെക്ഷൻ ഓഫീസർ.

പകർപ്പ്:-ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.
സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.